# റെയിൽവേ നടപ്പാക്കുന്ന മാലിന്യവിമുക്ത ടോയ്‌ലറ്റ്: കാരണമായത് മലയാളിയുടെ ഹർജി

ചങ്ങനാശേരി: കഴിഞ്ഞ 26ന് ലോക്‌സഭയിൽ റെയിൽവേ മന്ത്രി ലാലുപ്രസാദ് യാദവ് അവതരിപ്പിച്ച റെയിൽവേ ബജറ്റിൽ ടോയ്‌ലറ്റ് നവീകരണത്തിനായി നാലായിരം കോടി രൂപ നീക്കിവയ്ക്കാൻ കാരണമാക്കിയത് ചങ്ങനാശേരി സ്വദേശി അമേരിക്കയിൽ ഡോക്ടറായി സേവനമനുഷ്ഠിക്കുന്ന ജോർജ് ജോസായിരുന്നു.

ഇക്കാര്യം വെളിപ്പെടുത്തിയതാവട്ടെ മുൻ സുപ്രീംകോടതി ജസ്റ്റീസും ഡോക്ടറുടെ സുഹൃത്തുമായ കെ.ടി. തോമസും. ഇന്നലെ നഗരസഭ നടത്തിയ ജനകീയാസൂത്രണ ഭരണ നവീകരണ സെമിനാറിലാണ് റെയിൽവേ ബജറ്റിൽ നാലായിരം കോടി രൂപയോളം വകയിരുത്തേണ്ടി വന്ന റിട്ട് ഹർജി നൽകിയത് ചങ്ങനാശേരിക്കാരനായ ഡോക്ടറാണെന്ന് തോമസ് വെളിപ്പെടുത്തിയത്.

ചങ്ങനാശേരിയിലെ ആദ്യകാലത്തെ സാമൂഹ്യ പ്രവർത്തകനും ഡോക്ടറുമായ അൽഫോൻസാ ഹോസ്പിറ്റൽ ഉടമ തീമ്പലങ്ങാട്ട് വർഗീസ് ജോസ് എന്ന ടി.വി. ജോസിന്റെ പുത്രനാണ് അമേരിക്കയിൽ ഡോക്ടറായി സേവനമനുഷ്ഠിക്കുന്ന ജോർജ് ജോസ്.

2006 നവംബറിൽ അഭിഭാഷകനായ ബെച്ചു കുര്യൻ തോമസ് മുഖേനയാണ് റെയിൽവേ നടത്തുന്ന മാലിന്യപ്രശ്നങ്ങൾ ഹൈക്കോടതി മുൻപാകെ ഇദ്ദേഹം എത്തിച്ചത്.

ട്രെയിനിലെ വിസർജ്യങ്ങൾ ടോയ്‌ലറ്റിലൂടെ ട്രാക്കിലേക്ക് വീഴുകയും അത് ഇന്ത്യയിൽ അങ്ങോളമിങ്ങോളമുള്ള നദികളെ മലിനമാക്കുന്നതായും ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയിരുന്നു.

ട്രാക്കിലേക്ക് പുറംതള്ളുന്ന രീതി മാറ്റാൻ തയാറാണെന്ന് റെയിൽവേ അധികൃതർ ഹർജി പരിഗണനയ്ക്കു വന്നപ്പോൾ ഉറപ്പ് നൽകിയിരുന്നു. ഈ ഹർജിയുടെ പശ്ചാത്തലത്തിലാണ് ഇക്കുറി റെയിൽവേ ബജറ്റിൽ ടോയ്‌ലറ്റുകളുടെ നവീകരണങ്ങൾക്കായി നാലായിരം കോടി രൂപ വകയിരുത്താൻ റെയിൽവേ മന്ത്രാലയം തീരുമാനിച്ചത്.